**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116** **11-09-2023 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ അധിക ബാച്ചുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലകളിൽ അനുവദിച്ച അധിക ബാച്ചുകൾ പ്ലസ് വൺ ക്ലാസ്സുകളിലേക്കുള്ള സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 97 അധിക താൽക്കാലിക ബാച്ചുകൾ മലബാർ മേഖലയിൽ അനുവദിച്ചതിലൂടെ പ്രവേശനത്തിനായുള്ള പ്ലസ് വൺ സീറ്റുകൾ പര്യാപ്തമാണ്. അധിക താൽക്കാലിക ബാച്ചുകൾ അനുവദിച്ച ശേഷം ജില്ലയ്ക്കകത്തെ സ്കൂൾ/ കോമ്പനേഷൻ ട്രാൻസ്ഫർ അനുവദിക്കുകയും ട്രാൻസ്ഫറിനു ശേഷമുള്ള വേക്കൻസി മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രവേശനത്തിന് പരിഗണിക്കുന്നതിനായി 2023 ആഗസ്റ്റ് 4-ന് വൈകിട്ട് 4 മണി വരെ അപേക്ഷിക്കുവാൻ അവസരം നൽകുകയും ചെയ്തു. മലബാർ മേഖലയിൽ ലഭ്യമായ അപേക്ഷകരെയും ഒഴിവുള്ള സീറ്റുകളും പരിഗണിക്കുമ്പോൾ സീറ്റുകൾ പര്യാപ്തമാണ്. അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച് പ്രവേശനം ആഗസ്റ്റ് 8-ന് പൂർത്തിയാകുന്നതാണ് മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റിനു ശേഷം പ്രവേശനത്തിന് കാത്തിരിക്കുന്ന അപേക്ഷകരുടെയും സീറ്റുകളുടെയും വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്ലസ് വൺ അധിക ബാച്ചുകൾ അനുവദിക്കുന്നതിന് സ്കൂളുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ; | (ബി) | ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിനു ശേഷം പ്രവേശനത്തിനായി കാത്തിരുന്ന അപേക്ഷകരുടെ വിഷയ/കോമ്പിനേഷൻ അടിസ്ഥാനത്തിൽ ആവശ്യമായി വരുന്ന ബാച്ചുകൾ കണക്കാക്കുകയും പ്രസ്തുത താലൂക്കുകളിൽ അടിസ്ഥാന സൗകര്യമുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സർക്കാർ സ്കൂളുകൾക്ക് പ്രാമുഖ്യം നൽകി താൽക്കാലിക ബാച്ചുകൾ അനുവദിച്ചിട്ടുള്ളതുമാണ്. |
| (സി) | താരതമ്യേന കൂടുതൽ കുട്ടികൾ പരീക്ഷ എഴുതി മികച്ച വിജയം നേടിയ ആദ്യ 25 സ്കൂളുകളിൽ എത്രയിടത്ത് ഹയർസെക്കൻഡറി അധിക ബാച്ച് അനുവദിച്ചുവെന്ന് വിശദമാക്കാമോ; | (സി) | ഏഴ് സ്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു. |
| | | | |

| | | | |
|---|---|---|---|
| (ഡി) | എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച കുട്ടികളുടെ എണ്ണവും ആ സ്കൂളിലേക്ക് പ്ലസ് വൺ അഡ്മിഷൻ ലഭിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകളുടെ എണ്ണവും പരിഗണിച്ചാണോ സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | താലൂക്കടിസ്ഥാനത്തിലുള്ള സീറ്റിന്റെ ലഭ്യത കുറവ് അനുസരിച്ച് പ്രസ്തുത താലൂക്കിലെ അടിസ്ഥാന സൗകര്യമുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലാണ് ബാച്ചുകൾ അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ജില്ല | പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം | മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള സീറ്റുകൾ | ഒഴിവുള്ള അൺ-എയ്ഡഡ് ക്വാട്ട സീറ്റുകൾ | ആകെ ലഭ്യമായ സീറ്റുകൾ |
|---|---|---|---|---|
| പാലക്കാട് | 1011 | 633 | 2233 | 2866 |
| കോഴിക്കോട് | 564 | 491 | 2739 | 3230 |
| മലപ്പുറം | 2759 | 295 | 5069 | 5364 |
| വയനാട് | 8 | 501 | 165 | 666 |
| കണ്ണൂർ | 148 | 1253 | 1641 | 2894 |
| കാസർഗോഡ് | 331 | 1178 | 1139 | 2317 |

**<u>അനുബന്ധം 2</u>**

| Sl. No. | Revenue District | School Code | School Name | School Type |
|---|---|---|---|---|
| 1 | Malappuram | 50030 | PKMMHS Edarikode | Aided |
| 2 | Malappuram | 19069 | KHMHS Alathiyur | Aided |
| 3 | Malappuram | 50015 | PPTMYHSS Cherur | Aided |
| 4 | Kannur | 14028 | Rajeev Gandhi Memorial HSS Mokeri | Aided |
| 5 | Kannur | 14031 | NAMHSS Peringathur | Aided |
| 6 | Kasargod | 11021 | TIHSS Naimarmoola | Aided |
| 7 | Malappuram | 19016 | GBHSS Tirur | Government |